ചെയ്യുകയില്ലെന്നു പ്രതിക്ഷിപ്പെടുന്നതുകൊണ്ടു്—ഞാൻ ഈ റസല്യൂഷനെ പ്രസ്സുചെയ്യുകതന്നെ ചെയ്യുന്നു.

The resolution was put to votes and carried Government remaining neutral.

6. Salaries cut.

മിസ്റ്റർ ടി. കെ. നായർ.—ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്:—"In view of the present economic depression this Council recommends to the Government to adopt a cut in the salaries of officers drawing Rs. 100 and above on the following scale:—

Rs. 100—250 at 7½ %.
Rs. 250—400 at 10 %
Rs. 400—600 at 12½%
Rs. 600 and above at 12½%

ഇപ്പോഴുള്ള ക്ഷാമത്തെപ്പറ്റി ഗവൺമെൻറിനെ പറഞ്ഞു ധരിപ്പിയ്ക്കേണ്ടതായ യാതൊരുചുമതലയും എനിയ്ക്കില്ലഎന്നു ഞാൻ വിശ്വസിയ്ക്കുന്നു. ഗവൺമെൻറിൽനിന്നു് പല അവസരങ്ങളിലും ഞങ്ങളുടെ ആവശ്യങ്ങൾക്കു മറുപടി തന്നിട്ടുള്ളതുകൊണ്ടുതന്നെ പണത്തിനു ക്ഷാമം ധാരളമുണ്ടെന്നു തെളിയുന്നുണ്ടു്. ഒരു സമയത്തിലും പണത്തിനു ബുദ്ധിമുട്ടാണു്എന്നു് ഗവൺമെൻറു പറയാതിരുന്നിട്ടില്ല. ഈ പണത്തിന്റെ ക്ഷാമം ഞങ്ങളുടെ ആവശ്യങ്ങൾക്കുമാത്രമല്ലാതെ ഗവൺമെൻറിനു മറുസംഗതികളിലൊന്നും ഇതുവരെ ബാധിച്ചുകാണുന്നില്ല. നാട്ടുകാരുടെ ആവശ്യത്തിനു മാത്രം പണമില്ലെന്നും,മറുചിലകാര്യങ്ങൾക്കെല്ലാം ധാരാളം പണം ചിലവിടുന്നുണ്ടെന്നും ഗവൺമെൻറിന്റെപ്രവൃത്തികൊണ്ടുകാൺനുണ്ടു്.നാട്ടുകാരുടെആവശ്യങ്ങൾക്കു് പണമില്ല എന്നുവരികിൽ പണമുണ്ടാക്കാൻ എന്താണു വഴിയെന്നു നോക്കണം. അതിനു് നികുതിവർദ്ധിപ്പിയ്ക്കാനാണു് ഗവൺമെൻറു തുടങ്ങുന്നതെങ്കിൽ ഞങ്ങൾ നികുതി കൂട്ടി തരുവാൻ തയ്യാറില്ല. ഞങ്ങളുടെ ആവശ്യങ്ങൾക്കു പണം എങ്ങിനെയാണുണ്ടാക്കേണ്ടതു് എന്നു ഗവൺമെൻറു നല്ലവണ്ണം ആലോചിച്ചിരുന്നുവെങ്കിൽ ധാരാളമുണ്ടാകുമായിരുന്നു. ആവശ്യമില്ലാത്തതിനെല്ലാം കൂടുതൽ ചിലവിടുവാൻ ഗവൺമെൻറു തയ്യാറാണു്. നാട്ടുകാർക്കു വേണ്ടതിനുമാത്രം പണമില്ലെന്നും, മറെറല്ലാസംഗതികൾക്കും പണം ധാരാളമുണ്ടെന്നും ഞങ്ങൾക്കു് അനുഭവപ്പെട്ടിട്ടുണ്ടു്. നാട്ടുകാരുടെ ആവശ്യങ്ങൾക്കു പണമില്ലെങ്കിൽ ഉണ്ടാവാനുള്ള മാർഗ്ഗവും ഞങ്ങൾതന്നെ കാണിച്ചുതരാം. പണമുണ്ടാക്കുവാൻ ചിലവു കുറക്കുക; വരവു് അധികരിപ്പിയ്ക്കുവാൻ മാർഗ്ഗമുണ്ടെങ്കിൽ നോക്കുക; ഈ ഒരൊറെറ പണി മാത്രമേയുള്ളു. ഇവിടെ വരവു കൂട്ടുവാൻ തല്ക്കാലം മാർഗ്ഗമില്ലാത്തസ്ഥിതിയ്ക്കു് ചി

LIBRARY ARCHIVES Kerala Legislative Assembly

ലവ് പലതരത്തിലും കുറയ്ക്കുവാനേ തരമുള്ളു; ചിലവ് കുറച്ചാൽ നാട്ടുകാരുടെ ആവശ്യങ്ങൾക്ക് പണവും ഉണ്ടാകും. ഇപ്പോഴത്തെ ക്ഷാമനിവാരണമായി ചിലവുകൾ കുറയ്ക്കണമെന്നുള്ള നയം ഗവ മെന്റ് അംഗീകരിച്ചിട്ടുണ്ട്. അത് ഞാൻ വായിക്കുന്ന പ്രൊസീഡിംഗ്സിൽ നിന്ന് അറിയാവുന്നതാണ്.

Diwan's Proceedings in the Gazette dated 18th Dhanu 1107.

As a matterof retrenchment in view of the general depression prevailing Government consider that some reduction in the rates of travelling allowance is necesary to minimise expenditure. The following modifications of the existing rates are therefore ordered.

Daily allowance:—Above 12 annas and up to Rs. 2 (inclusive) a reduction of 6 1/4 % is to be made. Above Rs. 2 a reduction of 12½% is to be made.

Mileage:—The existing rates of 4 annas 6 annas and 8 annas are to be reduced to 3½ annas 5 annas and 7 annas respectively. No change is to be made in the rate of 2 as.

Railway Fare:—The present double rates for first and second classes are to be reduced to one and three fifths.

ഇങ്ങിനെ ഒരു പ്രൊസീഡിംഗ്സ് പാസാക്കുവാനുണ്ടായ കാരണംകേട്ടാൽ വളരെ ഗൌരവമായ ഒരു തീരുമാനം ചെയ്യുവാനാണ് ഉദ്ദേശം എന്നതോന്നും. അവസാനത്തിൽ എഴുതിയ തീരുമാനം നോക്കുമ്പോൾ "Mountain labouring to bring forth a mouse" എന്നപോലെ ആയി. Double first class കാർക്ക് ഫസ്റ്റ്/ഇ ചാർജ്ജാക്കി ഇതുകൊണ്ട് ഗവമ്മെണ്ടിലേയ്ക്കുണ്ടാകാവുന്ന ആദായംവളരെ കുറവായതുകൊണ്ടും, ഇപ്പോഴത്തെ ക്ഷാമകാലത്തെ ആലോചിച്ചും രണ്ടാംക്ലാസ്സ് ചാർജ്ജ് മാത്രം കൊടുത്താൽമതിയാകുന്നതായിരുന്നു. ഇതുപോലെതന്നെ മറ്റു ഇനങ്ങളിലും കുറച്ചിട്ടുള്ളത് തീരെ മതിയായില്ലെന്നാണ് എന്റെ അഭിപ്രായം. മറ്റെല്ലാ രാജ്യങ്ങളിലും "Retrenchment" വളരെ ഗൌരവമായി നടത്തുന്ന കാലത്ത് നമ്മുടെ ഗവമ്മെൻറും എന്തെങ്കിലും പ്രവൃത്തിയ്ക്കാതിരുന്നാൽ ആക്ഷേപം വന്നേയ്ക്കുമോ എന്ന ഭയപ്പെട്ട് എന്തെങ്കിലും കാട്ടിക്കൂട്ടുവാൻ മാത്രം പ്രവൃത്തിച്ചപോലെയാണ് കാണുന്നത്. ഫ,വർ,000 ക. കൊല്ലത്തിൽ ഈ സക്കീട്ടബത്തയായി ചിലവിടുന്നുണ്ട്. ഇതിൽ നിന്ന് ഇപ്പോൾ കുറച്ചിട്ടുള്ള സംഖ്യ എത്രയാണെന്ന് അറിഞ്ഞാൽകൊള്ളാം. തീരുമാനിയും വളരെ ചുരുങ്ങിയ സംഖ്യമാത്രമേ കുറഞ്ഞുകിട്ടുകയുള്ളു. ജനങ്ങൾ ഇപ്പോൾ അനുഭവിച്ചുവരുന്ന ക്ഷാമത്തെ അറിഞ്ഞ് എന്തെങ്കിലും പ്രവൃത്തിയ്ക്കണമെന്നുദ്ദേശമുണ്ടെങ്കിൽ ഈ മാതിരി ചില്ലറ കാര്യങ്ങളിൽ ഒരണയൊ രണ്ടണയൊ കുറവുചെയ്താൽപോരാ. വമ്പിച്ച തുകമാസംപ്രതി ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ വരവിൽനിന്നും ഗണ്യമായ ഒരു ഭാഗം കുറവുചെയ്യുന്നപക്ഷം ഗവമ്മെണ്ടിലേയ്ക്ക് ന്യായമായ ഒരു സംഖ്യ ആദായംകിട്ടുന്നതാണ്. അങ്ങിനെകിട്ടുന്ന സംഖ്യയെങ്കി

LIBRARY ARCHIVES Kerala Legislative Assembly

ല്ലും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറവുചെയ്യുന്നതുകൊണ്ട് അവരുടെ സമ്പാദ്യത്തിൽ കുറയുന്നതല്ലാതെ സുഖജീവിതത്തിനു ഹാനി തട്ടുന്നതല്ല. സർവ്വസാധനങ്ങൾക്കും വിലകുറഞ്ഞ ഈ കാലത്ത് വ്യ ഠ ക. ശമ്പളം വാങ്ങുന്നതായ ഒരു ഉദ്യോഗസ്ഥനു ന്യ ഠ ക. കൊണ്ടും മുൻസ്ഥിതിപോലെതന്നെ കഴിയുവാൻ സാധിയ്ക്കുന്നതാണ്. കൊല്ലത്തിൽ അയ്യായിരമൊ, പതിനായിരമൊ സമ്പാദിച്ചുവയ്ക്കാമെന്നു വിചാരിയ്ക്കുന്ന ഉദ്യോഗസ്ഥന്മാർക്കു മാത്രമേ ഈ കുറവുചെയ്യുന്നതുകൊണ്ടു സങ്കടമുണ്ടാകയുള്ളു. ആ സങ്കടത്തിനു നിവാരണമില്ല. ഓരൊ ഉദ്യോഗസ്ഥന്മാരുടെയുംസ്ഥിതിയനുസരിച്ചുകഴിയുവാൻമാത്രമാണ് ശമ്പളംകൊടുക്കുന്നത്. സമ്പാദ്യത്തിൽ കുറയുന്നുണ്ടൊ എന്നു നോക്കേണ്ടതായ ചുമതല ഗവർമ്മെൻറിനും ഈ സഭയ്ക്കും ഇല്ല. നമ്മുടെ രാജ്യത്തിൻെറ ധനസ്ഥിതിയനുസരിച്ച് ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കേണ്ടതാണ്. ആ ഭാഗം നോക്കുന്നതായാൽ ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോൾകൊടുക്കുന്ന ശമ്പളം വളരെ അധികമാണെന്ന് ആരും സമ്മതിയ്ക്കാതെ നിവൃത്തിയില്ല. അധികശമ്പളംവാങ്ങുന്ന ഉദ്യോഗസ്ഥന്മാരോട് ലേശമെങ്കിലും അസൂയയില്ല. ഇന്ന് വ്യ ഠ ക. വാങ്ങുന്നവർക്ക് ആയിരമൊ, ആയിരത്തഞ്ഞൂറൊ കൊടുത്താലും എനിയ്ക്കാക്ഷേപമില്ല. പക്ഷെ നമ്മുടെരാജ്യത്തിൻെറ ധനസ്ഥിതി നന്നാക്കേണ്ടതിനു ചുമതലപ്പെട്ടവർ യാതൊന്നും ചെയ്യാതെ ശമ്പളം മാത്രം വാങ്ങുന്നതിൽമാത്രമേ ആക്ഷേപമുള്ളു. ഓരോരുത്തർക്കും ൫,൪൦൦ ക. വീതം ശമ്പളം തരുവാനുള്ള ധനസ്ഥിതി നമ്മുടെ രാജ്യത്തിനുണ്ടൊക്കയാൽ എല്ലാ ഉദ്യോഗസ്ഥന്മാർക്കും ശമ്പളം കൂട്ടേണമെന്നുള്ളതിനു ഒരു പ്രമേയം ഞാൻതന്നെ അവതരിപ്പിയ്ക്കുമായിരുന്നു. ഇപ്പോൾ ആ സ്ഥിതിയില്ലാത്തതുകൊണ്ടും, ഇപ്പോൾ കൊടുക്കുന്ന ശമ്പളത്തോതിനനുസരിച്ചുള്ള സ്ഥിതിക്കുടി ഈ രാജ്യത്തിനില്ലാത്തതുകൊണ്ടും ശമ്പളം കുറയ്ക്കുവാൻ നിർബ്ബന്ധിക്കാതെ നിവൃത്തിയില്ല.

നമ്മുടെ രാജ്യത്ത് വളരെ സന്താനങ്ങളുള്ള ഒരാൾക്കുടി സുഖമായി കഴിയുവാൻ മാസത്തിൽ ൫൦൦ ക. ഉണ്ടെങ്കിൽ മതിയാകുന്നതാണ്. ഈ ന്യായംഅടിസ്ഥാനമാക്കിയാണ് ൫൦൦ ക. യും അതിനുമേലും വാങ്ങുന്നവരുടെ ശമ്പളത്തിൽനിന്ന് കുറവുചെയ്താൽ മതി എന്നു നിശ്ചയിച്ചിട്ടുള്ളത്. ഈ പ്രമേയത്തെ ഭ ഠ ക. ശമ്പളം വാങ്ങുന്നവർക്കും ബാധകമാക്കണമെന്ന് ചിലർക്ക് അഭിപ്രായമുണ്ട്. എങ്കിലും ഞാൻ അവരെ ഇതിൽ ചേർത്തിട്ടില്ല വ്യ ഠ ക. ശമ്പളംവാങ്ങുന്ന ആൾക്ക് ൫൦൦ ക. കുറയുന്നതും, ൫൦൦ ക

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്ന ആൾക്കു വർക്കു കുറയുന്നതും ഒരുപോലേയല്ല. ഒരാൾക്കു് സമ്പാദ്യത്തിൽ മാത്രമേ കുറയുകയുള്ളൂ. മറ്റേ ആൾക്കു ചിലവിനുള്ളതിലാണ് കുറയുന്നത്. ഇനി ഗവൺമെൻറു ബഞ്ചിലുള്ള വകുപ്പധ്യക്ഷന്മാരോടു് എനിക്കു് ഒരപേക്ഷയുണ്ടു്. ഈ പ്രമേയത്തെ നിങ്ങൾ എതിർക്കരുതു്. കൊച്ചി രാജ്യത്തു് നിയമസഭയിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുവാനായി ഒരു പ്രമേയം അവതരിപ്പിച്ചതിനെ അവിടത്തെ ഗവൺമെൻറുകാർ എതിർത്തുവെന്നു് പുറമെ രാജ്യങ്ങളിൽ പറയുവാൻ ഇടയാക്കാതെ മഹാമനസ്കതയോടുകൂടി ഈ പ്രമേയത്തിലെ നിശ്ചയം ഞങ്ങൾ സ്വീകരിച്ചുവെന്നും, ഇതിനെ ഉടനെ നടപ്പിൽവരുത്തുന്നതാണെന്നും പറയുന്നതായാൽ കൊച്ചി രാജ്യമാത്രമല്ല; പുറമേയുള്ള രാജ്യങ്ങൾകൂടി നിങ്ങളുടെ ഔദാര്യമുദ്രയും നിങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽകൂടി ജനപ്രതിനിധികളുടെ അഭിപ്രായത്തെ അവഗണിക്കാത്തവരാണെന്നുള്ളതിനേയുംപറ്റി പ്രശംസിയ്ക്കുവാൻ ഇടയാകുന്നതാണു്. ഇതിനു് വളരെ പ്രയാസമൊന്നുമില്ല. കുറച്ചു താഴ്മ്മ വേണം. എന്നാൽ വളരെ എളുപ്പമാണു്. നിങ്ങളും ഈ രാജ്യത്തുള്ളവർ തന്നെയാണു്. ജനങ്ങൾ അനുഭവിയ്ക്കുന്ന കഷ്ടതകൾ അറിയാത്തവരും അല്ല. ഗവൺമെൻറിനെ ഈ വിഷയത്തിൽ ഉപദേശിച്ചു് വേണ്ടവിധം പ്രവൃത്തിയ്ക്കേണ്ടതു് നിങ്ങളുടെ കടമയാണു്. ഇന്നേവരെ ഈ സഭയിൽ ജനങ്ങൾക്കാവശ്യമായ വിഷയങ്ങളേപ്പറ്റിയാണല്ലോ വാദമുണ്ടായിട്ടുള്ളതു്. നിങ്ങളേമാത്രം ബാധിയ്ക്കുന്ന ഈവിഷയത്തിൽ നിങ്ങൾ മറുപടി പറയുന്നതെന്താണെന്നറിവാൻ ആഗ്രഹമുണ്ടു്. ഇതിലും നിങ്ങൾ എതിർക്കുന്നപക്ഷം നിങ്ങളുടെ മനഃസ്ഥിതി അതിവിശേഷംതന്നെ! ഓരോ വകുപ്പധ്യക്ഷന്മാരും ഈ പ്രമേയത്തിലെ നിശ്ചയപ്രകാരം തങ്ങളുടെ ശമ്പളം കുറയ്ക്കുന്നതു് സമ്മതമാണെന്നു് ദിവാൻജി അവർകളെ ധരിപ്പിയ്ക്കുന്നപക്ഷം അദ്ദേഹത്തിനു് ഈ കാര്യം നടപ്പിൽവരുത്തുവാൻ വളരെഎളുപ്പമുണ്ടു്. നിങ്ങളുടെ പ്രവൃത്തി മറ്റുള്ളവർക്കു് ഒരു മാതൃകയായിട്ടുംവരും. അതുകൊണ്ടു് അനുദ്യോഗസ്ഥസാമാജികന്മാർ അവതരിപ്പിയ്ക്കുന്നവിഷയങ്ങളെ എതിർക്കണമെന്നുള്ള സിദ്ധാന്തം ഇതിലും ചെലുത്താതെ ഈ പ്രമേയം സ്വീകരിയ്ക്കുവാൻ അപേക്ഷിച്ചുകൊണ്ടും, അനുദ്യോഗസ്ഥസാമാജികന്മാരെല്ലാവരും ഇതിനെ ബലമായി പിൻതാങ്ങുമെന്നുദ്ദേശിച്ചും ഞാൻ ഈ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇപ്പോൾ ഈ ക്ഷാമദേവത ലോകം മുഴുവനും വ്യാപിച്ചിട്ടുണ്ടെന്നുള്ളതിനു് സംശയമില്ല. ഇങ്ങനെ ക്ഷാമദേവതബാധിച്ചിട്ടുള്ളതുകൊണ്ടു് എല്ലാവർക്കുംവളരെ ദോഷമാണുള്ളതു്. പക്ഷെ അതു ഈമാതിരി സർക്കാർ ശമ്പളം വാങ്ങുന്നവർക്കുമാത്രം വലിയ ഉ

LIBRARY ARCHIVES Kerala Legislative Assembly

പകാരമായിട്ടാണ വരുന്നത്. അവരുടെ ശമ്പളം കുറയ്ക്കണമെന്ന പറയുന്നതിന്റെ ന്യായമെന്താണെന്ന ചോദിച്ചാൽ മുമ്പിലത്തെ തിലും സാമാനങ്ങളുടെ വില ഇപ്പോൾ വളരെ കുറഞ്ഞിട്ടുള്ളതു കൊണ്ടാണ്. ഈ ശമ്പളം മുമ്പും വാങ്ങിയിരുന്നവർക്ക് അന്ന് നെല്ലുവില ഫ ഴ രൂപാ, എന്നായപ്പോൾ അതിന്റെ കഷ്ടപ്പാടെങ്കിലും കുറച്ചുണ്ടായിരുന്നു. അന്ന് സാധുക്കൾക്ക് ഗവമ്മെൻറിൽ നിന്നും ക്ഷാമബത്ത അനുവദിയ്ക്കുകയും, അവർക്കാവശ്യമുള്ള സാധനങ്ങൾ കൊടുക്കുവാനനുവദിയ്ക്കുകയും മറ്റും ചെയ്തിരുന്നു. ഇന്നത്തെ സ്ഥിതിയിൽനോക്കിയാൽ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളത്തിൽ നൂറുക്കു ൨൦ വീതം കുറയ്ക്കണമെന്നുപറയുന്നത് ന്യായവിരുദ്ധമായിട്ട് എനിയ്ക്കതോന്നുന്നില്ല. ഇപ്പോഴത്തെ വൈസ്രായി അവർകൾ പോലും അദ്ദേഹത്തിന്റെ ശമ്പളം കുറച്ചുകൊള്ളുവാൻ സമ്മതിച്ചിട്ടുണ്ട്. ഇപ്പോഴത്തെ തിരുവിതാംകൂർ മഹാരാജാവ് പോലും എഴുന്നെള്ളുന്നസമയത്തു് പ്രത്യേകം ഒരുടെയിൻ വേണ്ടാ. സാധാരണ ആളുകൾ കയറുന്ന ടെയിൻ മതിയാകുമെന്നാണ് പറഞ്ഞതു്. ഇങ്ങനെയുള്ള പലപല മഹാരാജാക്കന്മാർ—എന്തും ചെയ്യുവാൻ ശക്തിയുള്ളവർ—സ്പെഷ്യൽ ടെയിൽ വയ്ക്കുവാൻ ഉള്ള ശക്തിയിരുന്നിട്ടും അതും നിസ്സാരമായി ഗണിയ്ക്കുന്നവർ—അവരേയുംകൂടി ഈ ക്ഷാമം ബാധിച്ചിരിയ്ക്കുന്നു. ഈ ക്ഷാമകാലത്തു് എത്രയും ചുരുങ്ങിയ ചിലവുമാത്രമേ ഇങ്ങനെയുള്ളവർ ചെയ്യുന്നുള്ളു. അങ്ങിനെയിരുന്നിട്ടും ഈ കൊച്ചീരാജ്യത്തിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ചുരുക്കീട്ടില്ലാത്തതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. സാധാരണ ഏതെങ്കിലും വിഷയം വരുമ്പോൾ ബ്രിട്ടീഷുഗവമ്മെൻറു അങ്ങിനെ ചെയ്യുന്നു, തിരുവിതാംകൂർ ഗവമ്മെൻറു ഇങ്ങിനെ ചെയ്യുന്നുവെന്നെല്ലാമാണ് മറുപടി തരാറുള്ളതു്. അതിനാൽ നമ്മളും അങ്ങിനെ ചെയ്യണം. എന്നാൽ ഈ വിഷയത്തിൽ തിരുവിതാംകൂറിലും, ബ്രിട്ടീഷിലും, മൈസൂറിലും ഒക്കെ അങ്ങിനെ ചെയ്യുന്നുണ്ടെങ്കിലും അതുപോലെ ഈ കൊച്ചീരാജ്യത്തും ചെയ്യുകാണാനില്ലാ. അങ്ങിനെയുള്ള അവരുടെ അഭിപ്രായത്തോടു് ഞാൻ അനുകൂലിയ്ക്കുന്നില്ല. ഇവിടെയിരിയ്ക്കുന്ന ഉദ്യോഗസ്ഥന്മാരിൽ മുമ്പിലുള്ളതിലും ശമ്പളം കൂടുതൽ ഇല്ലാത്ത ആളുകളുണ്ടോ എന്നു് സംശയമാണ്. ജനങ്ങളുടെ ആവശ്യത്തിനു് ആശുപത്രി വേണമെന്നുപറഞ്ഞാൽ പണമില്ല, വസൂരി പിടിപെട്ടു ആളുകൾ മരിയ്ക്കുന്നു. അതു നീക്കാൻ മാസ്ത്രമുണ്ടാക്കണമെന്നു പറഞ്ഞാൽ പണമില്ല, വെള്ളം കിട്ടുന്നില്ലാ നല്ലവെള്ളം കിട്ടത്തക്കവണ്ണം സൌകര്യം ഉണ്ടാക്കണം എന്നുപറഞ്ഞാൽ പണമില്ല, ശമ്പളം വേണമെന്നുള്ളതുവരുമ്പോൾ അതിനുമാത്രം ധാരാളം പണമുണ്ടു് എന്നാണ് കാണുന്നതു്. അതുമാത്രം എല്ലാവർക്കും അനുവദിച്ചു കാണുവാനുണ്ടു്. ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോൾ കിട്ടിവരുന്ന തുകയിൽ സ്വല്പം കുറ

LIBRARY ARCHIVES Kerala Legislative Assembly

ഞുപോകുന്നതുകൊണ്ടു്, അവക്കു വലിയ നഷ്ടമൊന്നും വരുവാനില്ല. അതുകൊണ്ടു് ഈ പ്രമേയത്തെ ഗവൺമെൻറുഭാഗത്തുനിന്നും ആരും എതിർക്കയില്ലെന്നാണു് ഞാൻ വിചാരിയ്ക്കുന്നതു്. തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിൽ നിന്നും ചെയ്തുതന്നെ ഒരു ഉദാഹരണമായി വിചാരിച്ചും, ഇവിടത്തെ ഗവൺമെൻറും ഈ പ്രമേയത്തോടു് അനുകൂലിയ്ക്കുമെന്നു ഞാൻ വിചാരിയ്ക്കുന്നു. ആ മഹാരാജാവു് തിരുമനസ്സുകൊണ്ടു് തൻറെ സ്വകാര്യസ്വത്തിൽ നിന്നുംകൂടി സാധുക്കൾക്കു് പണമനുവദിച്ചു കൊടുത്തിട്ടുണ്ടു്. അതിനുദാഹരണമായി ഈ രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാർ പോലും സാധുക്കൾക്കുപകാരമുള്ള ഈ കാര്യത്തിൽ അനുകൂലിച്ചു നില്ക്കുമെന്നാണു് എൻറെ വിശ്വാസം.

Deputy President.—Government side may reply.

Rao Sahib Mr. T. V. Kasturi Ranga Ayyar.—We want to hear some more interesting speeches. We are not quite satisfied with the enlightenment we have received so far. Government may explain after hearing all the Hon'ble Members. Just as the Hon'ble Finance Member in the Imperial Legislative Assembly, made an appeal to the non-official gentlemen to make some more speeches I make a similar appeal. We have heard the speeches of only two members and we will be extremely glad if we are enlightened further. We would like to hear some more speeches so that we may be enlightened. So, I respectfully appeal to the Chair to request the non-official members just to make a few more speeches.

Mr. E. Ikkanda Warriar.—I am afraid it will be only a repetition of the ideas we have given expression to. On the other hand, if the Government give their opinion, we will be in a position to meet the points they advance.

Deputy President.—Only five minutes. I shall adjourn the meeting for tomorrow.

The House rose for the day at 4. 55 p. m.

C. J. MATHEW,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly